സ്റ്റന്റും ഉൾപ്പെടെ 31.8.99-ൽ സ്ഥലം സന്ദർശിച്ച് വേണ്ട നടപടികൾ സ്വീകരിച്ചു. ആരോഗ്യം, വിദ്യാഭ്യാസം, നോട്ടീസ് വിതരണം, മൈക്ക് പബ്ലിസിറ്റി, ആവശ്യമായ മരുന്ന് വിതരണം എന്നിവ നടത്തുകയുണ്ടായി. 11525 ഡോസ് ടെട്രാസൈക്ലിൻ ഗുളികളും 1900 വയറൽ ഇൻജക്ഷൻ മരുന്നുകളും നൽകുകയുണ്ടായി. കൂടാതെ ജലസേചനവകുപ്പുമായി ബന്ധപ്പെട്ട ശുദ്ധജലവിതരണത്തിനുള്ള നടപടിയും സ്വീകരിച്ചു. ചോർച്ചയുള്ള വാട്ടർ പൈപ്പുകൾ മാറ്റുന്നതിന് നടപടി എടുക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി. രോഗം വരാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ലഘുലേഖകൾ വിതരണം ചെയ്തു. ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും ഭവന സന്ദർശനം നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി. രോഗികളുമായി സമ്പർക്കമുള്ളവർക്ക് പ്രതിരോധ വാക്സിൻ നൽകി.

(ഡി) 480 പേർക്ക്.

(ഇ) 1999 സെപ്റ്റംബർ അവസാനത്തോടെ രോഗം നിയന്ത്രണ വിധേയമായി.

168 (1772) മഞ്ചേരിയിലെ സ്കൂൾ ഓഫ് നഴ്സിംഗ്

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിലെ സ്കൂൾ ഓഫ് നഴ്സിംഗ് എന്ന സ്ഥാപനത്തിൽ ഇപ്പോൾ ഏതെല്ലാം ബാച്ചുകളിൽ എത്ര വിദ്യാർത്ഥികളുണ്ട്;

(ബി) ഈ സ്ഥാപനത്തിൽ എത്ര വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള അടിസ്ഥാനസൗകര്യങ്ങളാണ് ഉള്ളത്;

(സി) പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ പി.എച്ച്.എൻ ട്യൂട്ടർ എന്നീ തസ്തികകൾ ഉണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ സ്കൂൾ ഓഫ് നഴ്സിംഗനു വേണ്ടി ഇക്കൊല്ലം എന്തുതുക അനുവദിച്ചിട്ടുണ്ട്;

(ഇ) ഇല്ലെങ്കിൽ ചെലവുകൾ എപ്രകാരം നടത്തുന്നു;

(എഫ്) സ്കൂളിന്റെ അംഗീകാരത്തിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ജി) ഹോസ്റ്റൽ കെട്ടിടത്തിന്റെ കേടുപാടുകൾ തീർക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്ന് ബാച്ചുകളിലായി 77 കുട്ടികൾ പഠിക്കുന്നുണ്ട്.

(ബി) 80 പേർക്ക് താമസിക്കാനുള്ള സൗകര്യം ഉണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിൽ കുറെഭാഗം ഫാമിലി വെൽഫെയർ മെഡിക്കൽ സ്റ്റോർ ആയി പ്രവർത്തിക്കുന്നതുമൂലം മുഴുവൻ കുട്ടികൾക്കും താമസത്തിന് അസൗകര്യം ഉണ്ട്. ഇത് പരിഹരിക്കുന്നതിന് ജില്ലാ ആശുപത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഒഴിഞ്ഞു കിടക്കുന്ന ബ്ലോക്കിലേക്ക് മെഡിക്കൽ സ്റ്റോർ മാറ്റുവാൻ ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, പി.എച്ച്.എൻ ട്യൂട്ടർ തസ്തികകൾ നിലവിലില്ല. നിലവിലുള്ള 5 നഴ്സിംഗ് ട്യൂട്ടർമാരിൽ സീനിയറായ നേഴ്സിംഗ് ട്യൂട്ടറിന് പ്രിൻസിപ്പലിന്റെ ചാർജ്ജ് കൊടുത്തിട്ടുണ്ട്.

(ഡി) 50,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

(എഫ്) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ജി) നടപടികൾ സ്വീകരിച്ചുവരുന്നു.

169 (1773) നഴ്സിംഗ് സ്കൂളുകളും കോളേജുകളും

ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് എത്ര നഴ്സിംഗ് സ്കൂളുകളും കോളേജുകളും നടത്തുന്നുണ്ട്;

(ബി) ഇവ ഓരോന്നിലും ഒരുവർഷം എത്ര കുട്ടികൾക്ക് പ്രവേശനം നൽകി വരുന്നു;

(സി) പ്രവേശനം നൽകുമ്പോൾ സാമുദായിക പ്രാതിനിധ്യം പാലിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നഴ്സിംഗ് സ്കൂളുകൾ - 11

നഴ്സിംഗ് കോളേജുകൾ - 3

(ബി) നഴ്സിംഗ് സ്കൂളുകളിലെ ആകെയുള്ള 317 സീറ്റുകളിൽ താഴെപ്പറയും പ്രകാരം പ്രവേശനം നൽകിവരുന്നു.

നഴ്സിംഗ് സ്കൂൾ	തിരുവനന്തപുരം	-	28
..	കൊല്ലം	-	25
	ആലപ്പുഴ	-	37
	കോട്ടയം	-	31
	എറണാകുളം	-	30
	തൃശ്ശൂർ	-	28
	പാലക്കാട്	-	25
	കോഴിക്കോട്	-	26
	മലപ്പുറം	-	26
	കണ്ണൂർ	-	41
കൊല്ലം പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കുവേണ്ടി		-	20

LIBRARY ARCHIVES Kerala Legislative Assembly